ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർറിസർച്ച് ആൻറ് ഡവലപ്പ്മെൻറ് സ്കീം
കേരളവെറ്ററിനറിആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി, മണ്ണുത്തി പി.ഒ, തൃശ്ശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ : 0487-2370302 ഇമെയിൽ:ulfmty@kvasu.ac.in

നമ്പർ. യു.എൽ.എഫ്./എം.ടി.വൈ/ജി./1644/2022 മണ്ണുത്തി, തീയതി 17/11/2026

പുനർ ക്വട്ടേഷൻ നോട്ടീസ്

യു.എൽ.എഫ്. &എഫ്.ആർ.ഡി.എസ്, മണ്ണുത്തിയ്ക്കു കീഴിലുള്ള ക്യാറ്റിൽ, ബഫല്ലോ ഫാമുകളിലെ ചാണകക്കുഴികൾ വൃത്തിയാക്കുന്നതിനും, ഫോഡർ സെക്ഷന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് പുൽകൃഷിയ്ക്ക് അനുയോജ്യമായ വിധത്തിൽ നിലമൊരുക്കുന്നതിനും, കൂടാതെ, കാർഷിക പ്രവൃത്തികൾക്ക് ഉതകുന്ന രീതിയിൽ മറ്റു പ്രവൃത്തികൾ ചെയ്യാനുമായി മണ്ണുമാന്തിയന്ത്രങ്ങളുടെ സേവനം ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. വാഹനത്തിന്റെ വാടക, ഡീസൽ, തൊഴിലാളികൾക്കുള്ള കൂലി അടക്കം ഒരു മണിക്കൂർ ഉപയോഗത്തിനുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

ക്രമ നം.	ഇനം	നിരക്ക്/മണിക്കൂർ
1	ബാക്ക്ഹോലോഡർ(ചെറിയമണ്ണുമാന്തിയന്ത്രം)	
2	ലാൻഡ് എക്സ്കവേറ്റർ–(വലിയമണ്ണുമാന്തിയന്ത്രം)	

ക്വട്ടേഷനു പുറത്ത് ഏത് മെഷിനറിക്കുള്ള ക്വട്ടേഷനാണെന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ നിരതദ്രവ്യമായി 2,000/- രൂപ ഈ ഓഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി 25/11/2026 രാവിലെ 11.00 മണി വരെയായിരിക്കും. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം രാവിലെ 11.30ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിച്ച് ഏറ്റവും കുറഞ്ഞ നിരക്കില് രേഖപ്പെടുത്തിയ ആൾക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്. ക്വട്ടേഷന്റെ കാലാവധി ക്വട്ടേഷൻ ഉറപ്പിക്കുന്ന തീയതി മുതൽ ഒരുവർഷത്തേയ്ക്കാണ്. ക്വട്ടേഷൻ ലഭിക്കുന്നയാൾ സെക്യൂരിറ്റി തുകയായി 5000/- രൂപ ഓഫീസിൽ അടയ്ക്കേണ്ടതാണ്. കൂടാതെ, 200രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറെഴുതി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.നിയമാനുസൃതമായി അടയ്ക്കേണ്ട ആദായനികുതി (ടി.ഡി.എസ്) ഈടാക്കിയ ശേഷം മാത്രമേ പ്രതിഫലതുക നൽകുകയുള്ളൂ. ഇതിലേക്കായി പാൻകാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. അതില്ലാത്തപക്ഷം 20% വരുമാന നികുതി ഈടാക്കുന്നതാണ്. മറ്റു സർക്കാർലേലങ്ങൾക്കും ക്വട്ടേഷനുകൾക്കും ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. ക്വട്ടേഷനുകൾ അയക്കേണ്ട വിലാസം താഴെ നൽകുന്നു.

പ്രൊഫസർ ആന്റ് ഹെഡ്,
യു.എൽ.എഫ് & എഫ്.ആർ.ഡി.എസ്, മണ്ണുത്തി-680 651

ഒപ്പ്
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ് : നോട്ടീസ്ബോർഡുകൾ
പകർപ്പ് : വില്ലേജ്ഓഫീസ്, ഒല്ലൂക്കര/എസ്.എഫ്.എസ്

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ